# അയൽക്കൂട്ടത്തിലെ എം.എഫ് പ്രവർത്തനങ്ങളിൽ നടത്തിവരുന്ന മികച്ച മാതൃക

സാമൂഹിക, സാമ്പത്തിക സ്ത്രീ ശാക്തീകരണ പ്രസ്താനമായ കുടുംബശ്രീയുടെ ഏറ്റവും താഴെ തലമാണ് അയൽക്കൂട്ടങ്ങൾ. സ്വന്തം ചുറ്റുവട്ടത്ത് പ്രതിവാര യോഗം ചേരുന്ന വനിതാ കൂട്ടായ്മയാണ് അയൽക്കൂട്ട യോഗങ്ങൾ. ഇത്തരം കൂട്ടായ്മയിലൂടെ ഓരോ അയൽക്കൂട്ടാംഗങ്ങളുടെയും അറിവും കഴിവും വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തി ഒരു സാമ്പത്തിക അഭിവൃദ്ധിയിലേക്കും അതിലൂടെ സാമൂഹിക പുരോഗതിയിലേക്കും വളരുവാൻ ഓരോ അയൽക്കൂട്ടാംഗത്തിനും സാധ്യമാകുന്നു. ഇത്തരത്തിൽ പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് സി.ഡി.എസ്സിൽ ത്രിഫ്റ്റും ലിങ്കേജ് ലോണും ഉപയോഗപ്പെടുത്തി അംഗങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധി നേടിയെടുക്കാനായതിന്റെ കഥ പറയുകയാണ് ചൈതന്യ കുടുംബശ്രീ.

**ചൈതന്യ അയൽക്കൂട്ടം - ഒറ്റ നോട്ടത്തിൽ**

| | |
|---|---|
| സി.ഡി.എസ് | വള്ളിക്കോട് |
| വാർഡ് 12 | 12 |
| രൂപീകരിച്ച വർഷം | 26/11/2002 |
| ആകെ അംഗങ്ങൾ | 20 |
| ആകെ നിക്ഷേപം | 386455 /- |
| ആദ്യ ലിങ്കേജ് വായ്പ | 30000/- |
| ആകെ ലിങ്കേജ് തവണ | 7 |
| ആകെ ലിങ്കേജ് വായ്പ | 2830000 |
| അവസാന ലിങ്കേജ് വായ്പ | 100000 |
| സി.ഐ.എഫ് | 50000 |
| റിവോൾവിംഗ് ഫണ്ട് | 15000 |
| മാച്ചിംഗ് ഗ്രാന്റ് | 5000 |

വള്ളിക്കോട് സി.ഡി.എസ്സിലെ 12-ാം വാർഡിൽ 20 അംഗങ്ങൾ ഉൾപ്പെടുന്ന ചൈതന്യ അയൽക്കൂട്ടം സി.ഡി.എസ്സിലെ മറ്റ് അയൽക്കൂട്ടങ്ങൾക്ക് മാതൃകയായി പ്രവർത്തിക്കുന്നു. ആന്തരിക വായ്പയും, ബാങ്ക് ലിങ്കേജ് വായ്പയും ഉപയോഗിച്ച് ടി അയൽക്കൂട്ടത്തിലെ അംഗങ്ങൾ പത്ത് വർഷമായി ഒരു കറി പൗഡർ യൂണിറ്റ് നടത്തി വരുന്നു. ഓരോ അംഗത്തിനും 4000/- രൂപ വീതം ലാഭം നേടുന്നതിന് ഈ യൂണിറ്റ് കൊണ്ട് സാധ്യമാകുന്നു. കൂടാതെ ഓണം, ക്രിസ്മസ്സ്, സീസണുകളിൽ റെഡിമെഡ് തുണിത്തരങ്ങൾ വില്പന നടത്തുന്നതിലൂടെയും അംഗങ്ങൾ വരുമാനം വർദ്ധിപ്പിക്കുന്നു. ചൈതന്യ അയൽക്കൂട്ടത്തിൽ 3 ജെ.എൽ.ജികൾ പ്രവർത്തിക്കുന്നു. മുഖ്യമായി ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് പ്രാദേശികമായി ആവശ്യക്കാർ ഏറെയാണ്. കൂടാതെ എല്ലാ ആഴ്ചകളിലും ടി അയൽക്കൂട്ടത്തിന്റെ പച്ചക്കറികൾ വിറ്റഴിച്ചു വരുന്നു.

നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്തു വരുന്ന ടി അയൽക്കൂട്ടം 2017-18 സാമ്പത്തിക വർഷത്തിൽ 28500/- രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. അയൽക്കൂട്ടം ഉൾപ്പെടുന്ന കുടമുക്ക് വാർഡിലെ അർഹരായ ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്. കൂടാതെ കഴിഞ്ഞ മൂന്നു വർഷമായി ഗാന്ധി ഭവനിൽ വിശേഷാവസരങ്ങളിൽ ഭക്ഷ്യ വസ്തുക്കളും, വസ്ത്രങ്ങളും നൽകി വരുന്നു. ചൈതന്യ അയൽക്കൂട്ടത്തിന്റെ വിവിധ വികസനോന്മുഖ പ്രർത്തനങ്ങൾ കണക്കിലെടുത്ത് 2016 ലെ മികച്ച അയൽക്കൂട്ട അവാർഡ് പഞ്ചായത്ത് തലത്തിൽ ലഭിച്ചിട്ടുണ്ട്. ടി അയൽക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾ മറ്റ് അയൽക്കൂട്ടങ്ങൾക്ക് ഒരു ഉത്തമ മാതൃകയാണ്.

Scanned by CamScanner